"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരുവനന്തപുരം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എസ്.ബിനോജ് സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2236/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/11/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.06.2012 തീയതിയിലെ ഇ1(എസ്.സി 07/12/റ്റിവിഎം. പാർട്ട് എ1) 14569/12 നമ്പർ കത്ത്.

2 നഗരകാര്യ ഡയറക്ടറുടെ 24.09.2019 തീയതിയിലെ വി1-3046/2013 നമ്പർ ഉത്തരവ്

3 തിരുവനന്തപുരം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയ ശ്രീ. എസ്.ബിനോജ് സമർപ്പിച്ച 25.10.2019തീയതിയിലെ അപ്പീൽ അപേക്ഷ

4 നഗരകാര്യ ഡയറക്ടറുടെ 21.10.2020 തീയതിയിലെ വി1-3046/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ, തിരുവനന്തപുരം നഗരസഭയിൽ ചാല സർക്കിളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബിനോജിന്റെ മേശവലിപ്പിൽ നിന്നും കവറിൽ പൊതിഞ്ഞ നിലയിൽ അനധികൃതമായി 250/- രൂപ കണ്ടെത്തിയതിന്റേയും ടിയാൻ അന്നേ ദിവസം ക്യാഷ് ഡിക്ലേറഷൻ നടത്തിയിട്ടില്ലാത്തതായും കണ്ടെത്തിയതിതിന്റെയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം 3 പ്രകാരം ശ്രീ.ബിനോജ് സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ബിനോജ് എസ്. സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കണമെന്നോ കൈവശമുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നോ തനിക്ക് അറിവില്ലായിരുന്നുവെന്നും, വളരെ ദൂരെ നിന്നും അതിരാവിലെ യാത്ര ചെയ്തു വരുന്നതിനാൽ 1400/- രൂപയോളം കൈയ്യിൽ കരുതിയിരുന്നുവെന്നും അത്യാവശ്യത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി തുക കരുതിയതാണെന്ന് വിജിലൻസ് സംഘത്തോട് വിശദീകരിച്ചിരുന്നെന്നും അതിനുശേഷം തുക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി

വരികയാണെന്നും അറിയിക്കുന്നു. ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ജോലിസ്ഥലത്തായിരിക്കെ ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അവസാന ദിവസമായതിനാൽ തിരക്കുണ്ടെന്ന് ഓഫീസിൽ നിന്നും ടെലിഫോൺ മുഖേന അറിയിച്ചതനുസരിച്ച് രാവിലെ 10.30 ഓടുകൂടി ഓഫീസിൽ തിരിച്ചെത്തിയെന്നും ധാരാളം ലൈസൻസ് അപേക്ഷകർ ഉണ്ടായിരുന്നതിനാൽ ജോലിയിൽ മുഴുകുന്നതിനിടയിൽ അരമണിക്കൂറിനുള്ളിൽ എത്തിയ വിജിലൻസ് സംഘം പൂട്ടുവാൻ കഴിയാത്ത ടിയാന്റെ മേശക്കുള്ളിൽ നിന്നും 250/- രൂപയുള്ള സ്റ്റാപ്പിൾ ചെയ്ത കവർ കണ്ടെടുത്തുവെന്നും അത് ടിയാൻ വാങ്ങിയിട്ടുള്ളതോ ടിയാന്റെ അറിവോടുകൂടിയതോ അല്ലായെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. കൈവശമുള്ള തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും ഓഫീസ് മേശ പൂട്ടി സൂക്ഷിക്കാത്തതും മന:പൂർവ്വമായ വീഴ്ചയല്ലെന്നും ടി സംഭവത്തിനുശേഷം ഓഫീസ് മേശ പൂട്ടി സൂക്ഷിക്കുകയും കൈവശമുള്ള തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തു വരുന്നതിനാൽ വീഴ്ച മാപ്പാക്കണമെന്നും ശ്രീ.എസ്.ബിനോജ് അപേക്ഷിച്ചിരുന്നു.

3. താൻ ഡിപ്പാർട്ടുമെന്റിൽ ജോലിക്കു കയറിയിട്ട് ഈ സംഭവത്തിനു മുൻപോ ശേഷമോ നാളിതുവരെ ആരോടും അനധികൃതമായി ഒരു രൂപപോലും വാങ്ങിയിട്ടില്ലാത്തതും അനധികൃതമായ ഒരു പ്രവർത്തിക്കും കൂട്ട് നിന്നിട്ടില്ലാത്തതും, നിയമാനുസൃതമായി മാത്രമേ ഔദ്യോഗിക ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളൂവെന്നും ആകയാൽ തന്റെ അപ്പീൽ അനുവദിച്ച് ആരോപിതമായ കുറ്റങ്ങൾ റദ്ദ് ചെയ്ത്, ശിക്ഷണ നടപടികൾ ഒഴിവാക്കിയും തനിക്ക് സത്യസന്ധമായും നിർഭയമായും ജോലി നോക്കുന്നതിന് അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് ശ്രീ.ബിനോജ് എസ്. അപേക്ഷിക്കുന്നു.

4. നഗരകാര്യഡയറക്ടർ ഇക്കാര്യത്തിൽ സമർപ്പിച്ച പരാമർശം 4ലെ റിപ്പോർട്ട് പ്രകാരം ശ്രീ.ബിനോജ് സമർപ്പിച്ച മറുപടിയിൽ നിലവിൽ ക്യാഷ് ഡിക്ലേറഷൻ രജിസ്റ്റർ എഴുതിവരുന്നതാണെന്നും ടിയാന്റെ മേശ പൂട്ടി സൂക്ഷിക്കാത്തതിനാൽ അതിനുള്ളിൽ നിന്നും കണ്ടെടുത്ത തുക ടിയാന്റെ അറിവോടുകൂടിയല്ലാത്തതാണെന്നും വിശദീകരിച്ചിരുന്നു. ടിയാൻ നല്കിയിട്ടുള്ള മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാനെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്നും ശ്രീ.ബിനോജ് എസ്. സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ പ്രസ്തുത സംഭവത്തിൽ ടിയാന് വ്യക്തിപരമായി യാതൊരു പങ്കുമില്ലായെന്നും പൂട്ടാൻ കഴിയാത്തതായ മേശയിൽ ടിയാന്റെ അറിവോ സമ്മതമോ കൂടാതെ മറ്റാരോ ടിയാനെ മന:പൂർവ്വമായി ദ്രോഹിക്കുന്നതിലേയ്ക്ക് തുക വച്ചിരുന്നതാണെന്നും ടിയാനെതിരായ ആരോപണങ്ങൾ റദ്ദ് ചെയ്യണമെന്നും അപേക്ഷിച്ചിരിക്കുന്നു. അച്ചടക്ക നടപടി സ്വീകരിക്കുന്ന വേളയിൽ നൽകിയ മറുപടിയിൽ പറയുന്ന കാര്യങ്ങൾ തന്നെയാണ് അപ്പീൽ അപേക്ഷയിലും ഉന്നയിച്ചിട്ടുള്ളത് എന്നും കാണുന്നതായി നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ബിനോജ് എസ്.-ന്റെ മേശയിൽ നിന്ന് കണ്ടെത്തിയിട്ടുള്ള രൂപയെക്കുറിച്ച് അറിവില്ലായെന്ന വാദം അംഗീകരിക്കാവുന്നതല്ലാ എന്നും ഓഫീസ് സമയങ്ങളിൽ കണക്കിൽപ്പെടാത്ത പണം കൈവശം കണ്ടെത്തുന്നത് അഴിമതി നടത്തിയതിന് തുല്യമായി കണക്കാക്കാവുന്നതാണ് എന്നും, മാത്രവുമല്ല കണ്ടെടുത്ത പണമടങ്ങിയ കവർ ടിയാൻ ഉപയോഗിച്ചിരുന്നതായും അതിൽകുറിച്ചിരുന്ന വാഹനനമ്പർ ടിയാൻ എഴുതിയതുമാണ് എന്നുമുള്ള, അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് 24.09.2019ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ നഗരകാര്യഡയറക്ടറുടെ കണ്ടെത്തലുകൾ വസ്തുതാപരമാണെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ നഗരകാര്യഡയറക്ടർ ഇക്കാര്യത്തിൽ ശ്രീ. എസ്.ബിനോജിന് നൽകിയിട്ടുള്ള ലഘുശിക്ഷ റദ്ദുചെയ്യണമെന്ന ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ലായെന്നതിനാൽ ആയത് നിരസിച്ചുകൊണ്ട് പരാമർശം 3 പ്രകാരമുള്ള

അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. എസ്.ബിനോജ്,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ